184/est/18

# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. പി.ആർ. സജികുമാർ)

വിഷയം : തസ്വഭവ - എഞ്ചിനീയറിംഗ് വിഭാഗം - ജീവനക്കാര്യം - ക്ലർക്കുമാർക്ക് KS & SSR 13 AA പ്രകാരം സീനിയർ ക്ലർക്ക് തസ്തികയിൽ നൽകിയ സ്ഥാനക്കയറ്റ തീയതി പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

പരാമർശം :
1) ഈ ഓഫീസിലെ 05.12.2017-ലെ എ1-1001/2013/സിഇ/തസ്വഭവ (വാല്യം II) നമ്പർ ഉത്തരവ്
2) ഈ ഓഫീസിലെ 21.11.2017-ലെ എ1-5944/2016/സിഇ/തസ്വഭവ നമ്പർ ഉത്തരവ്
3) ഈ ഓഫീസിലെ 31.01.2017-ലെ എ1-1001/2013/സിഇ/തസ്വഭവ (വാല്യം II) നമ്പർ ഉത്തരവ്
4) 07.02.2018 തീയതിയിലെ ശ്രീമതി. സൗമ്യ. എസ്.എസ് സമർപ്പിച്ച അപേക്ഷ
5) 06.04.2018 തീയതിയിലെ ശ്രീമതി. ബിന്ദു. എ.എ സമർപ്പിച്ച അപേക്ഷ

## ഉത്തരവ് നം . എ1-1001/2013/സിഇ/തസ്വഭവ (വാല്യം III) തീയതി 12.06.2018

സീനിയർ ക്ലർക്ക് തസ്തികയിലെ സൂചന (1) സ്ഥാനക്കയറ്റ ഉത്തരവിലെ അനുബന്ധം III-ൽ പേരുചേർക്കപ്പെട്ട ശ്രീമതി. ബിന്ദു. എ.എ, ശ്രീമതി. സൗമ്യ. എസ്.എസ് എന്നിവരുടെ പ്രൊബേഷൻ പൂർത്തീകരിച്ച പ്രാബല്യതീയതി 31.01.2017-ലെ സൂചന (3) സ്ഥാനക്കയറ്റ ഉത്തരവ് തീയതിയ്ക്ക് മുൻപായതിനാലും ടി ജീവനക്കാർ ടി ഉത്തരവിൽ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് ഭാഗം II ചട്ടം 13AA പ്രകാരം ഉൾപ്പെടേണ്ടവരായതിനാലും, അവർക്ക് അർഹമായ സ്ഥാനക്കയറ്റം 31.01.2017 തീയതി പ്രാബല്യത്തിൽ പുനർനിർണ്ണയിച്ച് നൽകണമെന്ന് സൂചന (4), (5) പ്രകാരം അപേക്ഷിച്ചിരുന്നു.

ടി അപേക്ഷയുടെ അടിസ്ഥാനത്തിൽ സൂചന (1) സ്ഥാനക്കയറ്റ ഉത്തരവിലെ കേരള സ്റ്റേറ്റ് സബോർഡിനേറ്റ് സർവീസ് ഭാഗം II ചട്ടം 13AA പ്രകാരം, നിർദ്ദിഷ്ട വകുപ്പുതല യോഗ്യതാപരീക്ഷ വിജയിക്കുന്നതിന് അനുവദനീയമായ മൂന്ന് വർഷ കാലയളവിന് അർഹതയുള്ള, അനുബന്ധം III-ൽ പേരുചേർക്കപ്പെട്ട ക്രമ നമ്പർ 11 ശ്രീമതി. രേഖ. കെ.എൽ വരെയുള്ള ക്ലർക്കുമാർക്ക്, 31.01.2017-ലെ സൂചന (3) സ്ഥാനക്കയറ്റ ഉത്തരവ് തീയതിയിലെ സീനിയർ ക്ലർക്ക് തസ്തികയിലെ ഒഴിവുകൾ പരിഗണിച്ച്, 31.01.2017 തീയതി പ്രാബല്യത്തിൽ സ്ഥാനക്കയറ്റം പുനഃക്രമീകരിച്ച് ഉത്തരവാകുന്നു.

ടി ജീവനക്കാർക്ക് അവർക്ക് അനുവദനീയമായ മൂന്ന് വർഷ കാലയളവിനുള്ളിൽ നിർദ്ദിഷ്ട വകുപ്പുതല യോഗ്യതാപരീക്ഷ വിജയിക്കാത്തപക്ഷം ടി ജീവനക്കാരെ പൂർവ്വ തസ്തികയിൽ പുനഃസ്ഥാപിക്കുന്നതും, സ്ഥാനക്കയറ്റം മുഖേന ലഭ്യമായിട്ടുള്ള മുഴുവൻ സാമ്പത്തികാനുകൂല്യങ്ങളും തിരിച്ചടയ്ക്കേണ്ടതുമാണ്.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

വ്യക്തികൾക്ക്

പകർപ്പ് : 1) ബന്ധപ്പെട്ട ട്രഷറി ഓഫീസർമാർക്ക്
2) സൂപ്രണ്ടിംഗ് എഞ്ചിനീയർ, തസ്വഭവ ഉത്തര / ദക്ഷിണ മേഖല
3) എക്സി. എഞ്ചിനീയർ, ബന്ധപ്പെട്ട ജില്ലാപഞ്ചായത്ത്
4) അസി. എക്സി. എഞ്ചിനീയർ, ബന്ധപ്പെട്ട ബ്ലോക്ക്പഞ്ചായത്ത്
5) സീനിയോരിറ്റി സെൽ, ചീഫ് എഞ്ചിനീയറുടെ ഓഫീസ്
6) എ1 സെക്ഷൻ / കരുതൽ ഫയൽ

അംഗീകാരത്തോടെ,

**അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്**

P 732